16

# “വെളിച്ചത്തിന്റെ മക്കളായി നടക്കുക”

## (5:7-14)

ചില രീതിയിൽ എഫെസ്യർ “നടക്കുവാനായി” 4 മുതൽ 6 വരെയുള്ള അദ്ധ്യായങ്ങളിൽ മൂന്നാമതായി ഒരു നിർദ്ദേശം നൽകിയിരിക്കുന്നു. മറ്റൊരു ഭാഗം പരിചയപ്പെടുത്തി, ക്രിസ്ത്യാനി സ്നേഹത്തിൽ നടക്കണമെന്ന് പറഞ്ഞ് പൗലൊസ് ചർച്ച അവസാനിപ്പിക്കുകയാണ്. എഫെസ്യരുടെ മുമ്പിലത്തെ ജീവിതവും ക്രിസ്ത്യാനിയുടെ ജീവിതവും തമ്മിലുള്ള അന്തരം വ്യക്തമാക്കിയശേഷം, ഇരുട്ടിൽനിന്ന് മാറി വെളിച്ചത്തിന്റെ മക്കളായി നടക്കുവാനുള്ള വെല്ലുവിളിയാണ് പൗലൊസ് നൽകിയത്.

### വെളിച്ചത്തിന്റെ ഫലം പുറപ്പെടുവിക്കൽ (5:7-10)

**[7]നിങ്ങൾ അവരുടെ കൂട്ടാളികൾ ആകരുത്. [8]മുമ്പെ നിങ്ങൾ ഇരുളായിരുന്നു. ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു. [9]കർത്താവിന്നു പ്രസാദമായത് എന്തെന്ന് പരിശോധിച്ചുകൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ. [10]സകല സൽഗുണവും നീതിയും സത്യവുമല്ലൊ വെളിച്ചത്തിന്റെ ഫലം.**

**വാക്യം 7.** ഈ വാക്യത്തിലും ആകയാൽ എന്നു പറഞ്ഞിരിക്കുന്നത് മുൻപ് പറഞ്ഞ കാര്യങ്ങളുമായി ബന്ധിപ്പിക്കുന്നതിനാണ്. എങ്ങനെയായാലും, എൻഏഎസ്ബി തർജിമക്കാർ അവിടെ ഒരു പുതിയ വാചകത്തോടുകൂടെയാണ് തുടങ്ങുന്നത്, ആ വാചകം വാക്യം 10 വരെ തുടരുന്നു. ലൈംഗികപാപമുള്ളവരിലേക്ക് ദൈവ കോപം വരുമെന്നതിനാൽ, അവരുടെ മുമ്പിലത്തെ സ്ഥിതി ഓർക്കുവാനായിരുന്നു പൗലൊസ് മുന്നറിയിച്ചത്. ദൈവത്തെയും ക്രിസ്തുവിനേയും അനുകരിച്ച് മറ്റുള്ളവരെ സ്നേഹിക്കുവാനാണ് അവൻ പറഞ്ഞത്. **അവയിൽ കൂട്ടാളികളാകരുത്** എന്ന നിർദ്ദേശമായിരുന്നു അവർക്ക് നൽകിയത്.

> എഫെസ്യലേഖനത്തിലെ ഈ സന്ദർഭം വ്യക്തമാക്കുന്നത്, ക്രിസ്ത്യാനികൾ ജാതികളുടെ ലോകത്തുനിന്നു പൂർണ്ണമായി വേറിട്ടു നിൽക്കണമെന്നല്ല പറഞ്ഞിരിക്കുന്നത്, എന്നാൽ പ്രത്യേകമായി അവരുടെ അധാർമ്മിക വശങ്ങളിൽനിന്നു വിട്ടുനിൽക്കണമെന്നാണ് നിർദ്ദേശിച്ചത്. അനുസരണക്കേടിൽ ജീവിച്ച ജാതികളുടെ പാപങ്ങളിൽ കൂട്ടാളികൾ ആകരുത്, അവരുടെ പാപങ്ങളിൽ കൂട്ടാളികളായാൽ അവർക്ക് ന്യായവിധി വരും.[1]

**വാക്യം 8.** ജാതികളുടെ പാപങ്ങൾക്ക് കൂട്ടാളികൾ ആകരുത് എന്നു പറയുവാനുള്ള ശരിയായ കാരണം വേദഭാഗം വ്യക്തമാക്കുന്നു: മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു. അവർ ദൈവമക്കൾ ആയി തീരുന്നതിനു മുൻപ് വ്യത്യസ്തരായിരുന്നു. അവർ ക്രിസ്ത്യാനികളായി തീരുന്നതിനു മുൻപ് എങ്ങനെയായിരുന്നു എന്നും ക്രിസ്ത്യാനികളായി തീർന്നപ്പോൾ എങ്ങനെയായി എന്നുമുള്ള വ്യത്യാസം ഈ ലേഖനത്തിൽ മുൻപ് പറയുകയുണ്ടായി (2:1–22). വെളിച്ചവും (പാപത്തിൽനിന്നു രക്ഷപ്പെട്ടപ്പോൾ ലഭിക്കുന്ന ദൈവിക ജീവിതം) ഇരുളും (പാപത്തിന്റെ ഫലമായി ലഭിക്കുന്ന മരണവും സാത്താനും) തമ്മിലുള്ള വ്യത്യാസം പഴയനിയമത്തിലും പുതിയ നിയമത്തിലും പലപ്പോഴും കാണാം.[2] പരിവർത്തനവുമായുള്ള ബന്ധത്തിൽ ഇരുളും വെളിച്ചവും രണ്ട് ധ്രുവങ്ങളിലാണ് (കൊലൊ. 1:12, 13; 1 പത്രൊ. 2:9). എഫെസ്യ ലേഖനത്തിൽ ഇരുട്ട് അജ്ഞതയെയും (4:18) അധാർമ്മികതയെയും (5:3–14), എന്നാൽ വെളിച്ചം സത്യത്തെയും ജ്ഞാനത്തെയും (1:18), ദൈവത്തെ പ്രസാദിപ്പിക്കുന്നതായും ആണ് കാണിക്കുന്നത് (5:10).

എഫെസ്യർ വെളിച്ചത്തിൽ ആയിരുന്നു എന്നല്ല പൗലൊസ് പറഞ്ഞത്, എന്നാൽ അവർ വെളിച്ചം *ആയിരുന്നു* എന്നാണ്. ഒരിക്കൽ അവർ ഇരുളായിരുന്നു, എന്നാൽ അപ്പൊസ്തലൻ പറയുന്നത്, "... ഇപ്പോൾ നിങ്ങൾ കർത്താവിൽ വെളിച്ചം ആകുന്നു." "കർത്താവിൽ," അല്ലെങ്കിൽ "ക്രിസ്തുവിൽ" എന്നു പറയുന്നത് അവരുടെ പരിവർത്തനത്തെയാണ് കാണിക്കുന്നത്, കാരണം അവർ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരുന്നു (റോമ. 6:3; ഗലാ. 3:27). അവർ ക്രിസ്തുവിൽ ആരായി തീർന്നുവോ, അങ്ങനെ ജീവിക്കുവാനായിരുന്നു പൗലൊസ് അവരെ പ്രബോധിപ്പിച്ചത്, അതായത്, "വെളിച്ചത്തിന്റെ മക്കളായി നടക്കുക." അ-ക്രൈസ്തവർ അനുസരണക്കേടിൽ ജീവിച്ചിരുന്നതുകൊണ്ട് അവരെ "അനുസരണക്കേടിന്റെ മക്കൾ" എന്നാണ് വിളിച്ചിരുന്നത് (5:6), എഫെസ്യരെ വെളിച്ചമായി തിരിച്ചറിയിച്ചതു നിമിത്തം അവരെ "വെളിച്ചത്തിന്റെ മക്കൾ" എന്നു വിളിച്ചിരുന്നു.

**വാക്യം 9.** "വെളിച്ചത്തിന്റെ മക്കൾ" ആയി ജീവിക്കുക എന്നു പറഞ്ഞാൽ എന്താണ് അർത്ഥമെന്ന് പറഞ്ഞ് പൗലൊസ് എഴുതി, **(വെളിച്ചത്തിന്റെ ഫലമോ സകല സൽഗുണവും, നീതിയും, സത്യവും അല്ലോ)** ഇടക്ക് ചേർത്ത പ്രസ്താവന തെളിയിക്കുന്നത് വെളിച്ചം എന്നു പറയുന്നത് ഫലപുഷ്ടിയുള്ള മണ്ണു പോലെയും, നല്ല "ഫലം" പുറപ്പെടുവിക്കുന്ന വൃക്ഷം പോലെയുമാണ്. "ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽനിന്നു" വ്യത്യസ്തമാണ് വെളിച്ചത്തിന്റെ ഫലം (5:11), അതിൽ "സൽഗുണവും" (*അഗതോസുനേ*) ഉൾപ്പെടുന്നു, പ്രത്യേകിച്ച് "ധാർമ്മിക സൽഗുണം."[3] ഈ ആശയം നമ്മെ 2:10 ഓർമ്മിപ്പിക്കുന്നു, അവിടെ പൗലൊസ് പറഞ്ഞു, "അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു." "പരോപകാരം" ആത്മാവിന്റെ ഫലങ്ങളിൽ പെട്ടതാണ് (ഗലാ. 5:22) ക്രിസ്ത്യാനികൾ മറ്റുള്ളവരോടുള്ള ബന്ധത്തിൽ അങ്ങനെയായിരിക്കണം എന്ന അർത്ഥത്തിൽ, പുതിയനിയമത്തിൽ പൗലൊസ് മാത്രമാണ് പറഞ്ഞിരിക്കുന്നത്. (മറ്റു സ്ഥലങ്ങളിൽ അത് ഉപയോഗിച്ചിരിക്കുന്നത് നോക്കുക, റോമർ 15:14; 2 തെസ്സ. 1:11.)

"നീതി" (*ഡിക്കായിയോസുനേ*) എന്നത് ഒരാൾ ദൈവ നിലവാരത്തിലേക്ക് മാറി ദൈവവുമായുള്ള ബന്ധത്തിൽ ശരിയായത് ചെയ്യുന്നതാണ്. "സത്യം" (*അലെതെയിയാ*) അർത്ഥം "ആത്മാർത്ഥത," അത് "ഭോഷ്ക്കിന്റെ

നേരെ എതിരാണ്."[4] "സത്യം" ദൈവത്തിന്റെ വചനവുമാണ് (യോഹ. 17:17). പൗലൊസ് എഫെസ്യരോട് "സ്നേഹത്തിൽ സത്യം സംസാരിപ്പിൻ," എന്നും, "ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോട് സത്യം സംസാരിക്കണം" എന്നും പറഞ്ഞപ്പോൾ, ഈ രണ്ട് ആശയങ്ങൾക്കുമാണ് അവൻ ഊന്നൽ നൽകിയത് (4:15, 25). "[5:9] ലെ ആ മൂന്നു ഗുണങ്ങളും പൊതുവിൽ ക്രിസ്തീയ ജീവിതത്തിൽ ഉടനീളം ഉണ്ടാകേണ്ടതാണ്."[5]

**വാക്യം 10.** "വെളിച്ചത്തിന്റെ മക്കളായി നടക്കുക" എന്നതിന്റെ അർത്ഥമാണ് **കർത്താവിന്നു പ്രസാദമായത് എന്തെന്നു** പരിശോധിക്കുക എന്നു പറഞ്ഞാൽ. പൗലൊസ് പിന്നീട് പറഞ്ഞു, "കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചുകൊൾവിൻ" (5:17). "പരിശോധിക്കുക" (*ഡോകിമാസോണ്ടെസ്*) എന്നതിന്റെ ശരിയായ അർത്ഥം "പരിശോധിക്കുക, തെളിയിക്കുക, തിരിച്ചറിയുക, വേർതിരിച്ചറിയുക" എന്നാണ്.[6] പരിശോധിക്കുവാനും, ദൈവത്തിനു പ്രസാദകരമായത് തെളിയിക്കുവാനും ഒരു നിലവാരം ആവശ്യമാണ്. ആ നിലവാരം ദൈവവചനം ആണ്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ദൈവേഷ്ടം അറിയുവാനുള്ള ജ്ഞാനം പ്രാപിപ്പാനും അതനുസരിച്ച് അവർ ജീവിക്കുവാനും വേണ്ടിയായിരുന്നു പൊലൊസ് കൊലൊസ്സ്യർ 1:9 ലും 10 ലും പ്രാർത്ഥിച്ചത്. ഒന്നാമത് ജ്ഞാനം; രണ്ടാമത് ഗ്രഹിക്കൽ; മൂന്നാമത്; ദൈവത്തെ പ്രസാദിപ്പിക്കൽ. "ക്രിസ്തുവിന്റെ സുവിശേഷത്തിന്നു യോഗ്യമായി" ജീവിക്കുവാൻ പൗലൊസ് ഫിലിപ്പിയരെ പ്രോൽസാഹിപ്പിച്ചിരുന്നു (ഫിലി. 1:27), അതായത്, ദൈവവചന നിലവാരം പരിശോധിക്കുക.

അപ്പൊസ്തലനായിരുന്ന യോഹന്നാൻ തന്റെ വായനക്കാരോട് പറഞ്ഞു, "ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ" (1 യോഹ. 4:1). ആ ശോധനക്ക് ഒരു നിലവാരം ആവശ്യമാണ്, ആ നിലവാരമാണ് ദൈവത്തിന്റെ വെളിപ്പാട്. ഒരാളുടെ ചിന്തയും, വാക്കും, പ്രവൃത്തിയും ദൈവത്തിന്റെ വെളിപ്പാടുമായി പരിശോധിച്ചാൽ–എന്നാൽ മാത്രം–ദൈവത്തെ പ്രസാദിപ്പിക്കുവാൻ എന്തു ചെയ്യണം എന്നു മനസിലാക്കുവാൻ കഴിയുകയുള്ളു. പുരാതന യെഹൂദന്മാർക്ക് ദൈവേഷ്ടം അറിയുവാൻ സാധിച്ചത് ന്യായപ്രമാണം അവരോട് നിർദ്ദേശിച്ചതുകൊണ്ടായിരുന്നു എന്നു പൗലൊസ് പറഞ്ഞു (റോമർ 2:18). ഒരാൾ ദൈവത്തെ അറിയുമ്പോൾ, അയാൾക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ എന്തു ചെയ്യണമെന്ന് അറിയാം. സാഹചര്യങ്ങളോട് ദൈവവചനത്താൽ പ്രതികരിക്കുമ്പോൾ, അയാൾക്ക് അറിയാം അയാൾ ദൈവത്തെ പ്രസാദിപ്പിക്കുകയാണ് എന്ന്. വാക്യം 10 ന്റെ സന്ദർഭത്തിൽ, നന്മയിലും, നീതിയിലും, സത്യത്തിലും ജീവിക്കുക എന്നാൽ ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് ആവശ്യമായതു ചെയ്യുക എന്നാണ്.

## ഇരുട്ടിന്റെ പ്രവൃത്തികളെ എടുത്ത് കാണിച്ച് തള്ളിക്കളയൽ (5:11-13)

**[11]ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്; അവയെ ശാസിക്കയത്രെ വേണ്ടത്. [12]അവർ ഗൂഢമായി ചെയ്യുന്നത് പറവാൻ പോലും ലജ്ജയാകുന്നു. [13]അവയെ ശാസിക്കുമ്പോഴോ സകലത്തെയും കുറിച്ച് വെളിച്ചത്താൽ ബോധം വരും; ബോധം വരുന്നതെല്ലാം വെളിച്ചം പോലെ തെളിവല്ലൊ.**

**വാക്യങ്ങൾ 11, 12.** നീതിയുള്ള ജീവിതവും ദുഷിച്ച ജീവിതവും തമ്മിലുള്ള വ്യത്യാസത്തെ ശ്രദ്ധിച്ച്, **ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികളാ കരുതെന്നും അവയെ ശാസിക്കയാണ്** ചെയ്യേണ്ടതെന്നും പൗലൊസ് എഫെസ്യരോട് പറഞ്ഞു (5:11). ദൈവമക്കളായി നാം, വെളിച്ചത്തിന്റെ മക്കളായി ജീവിക്കുകയും, വെളിച്ചത്തിന്റെ ഫലം പുറപ്പെടുവിക്കയും വേണം (5:8, 9). അതിൽനിന്നു വ്യത്യസ്തമായി, അവനെ അറിയാത്തവർ ഇരുട്ടിൽ (5:8), അനുസരണക്കേടിന്റെ മക്കളായി ജീവിക്കുന്നു (5:6), അവരുടെ പ്രവൃത്തികളെ "ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികൾ" എന്നാണ് പറഞ്ഞിരിക്കുന്നത്.

"വെളിച്ചത്തിന്റെ മക്കൾ" ഇരുട്ടിന്റെ പ്രവൃത്തികളിൽ കൂട്ടാളികൾ ആകാതെ അവയെ "ശാസിക്കണം." "ശാസിക്കുക" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് ബഹുവിധ അർത്ഥമുള്ള *എലെൻകോ* ആണ്, അർത്ഥം "ബോധ്യമാക്കുക," "തിരുത്തുക," "അച്ചടക്കം വരുത്തുക" എന്നാണ്.[7] 5:11-13-ൽ ഇരുട്ടിന്റെ പ്രവൃത്തികളെയാണ് ഊന്നി പറയുന്നത്. ക്രിസ്ത്യാനി ഇരുട്ടിന്റെ പ്രവൃത്തികളെ സഹിക്കുകയല്ല, അവയെ തിരുത്തുകയാണ് ചെയ്യേണ്ടത്. സഹക്രിസ്ത്യാനികളോടുള്ള ബന്ധത്തിൽ കൈകാര്യം ചെയ്യുന്ന രീതിയിലാണ് പുതിയനിയമത്തിൽ  ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് (1 തിമൊ. 5:20; തിത്തൊ. 1:9, 13), ഇവിടെ ഇരുട്ടിലുള്ളവർ എന്നു പറയുന്നത്-രക്ഷിക്കപ്പെടാത്തവരാണ്.

"അവയെ ശാസിക്കയത്രേ വേണ്ടത്" എന്നതിന്റെ ഗ്രീക്ക് പ്രയോഗം ശക്തമായ പ്രബോധനമാണ് നൽകുന്നത്. ക്രിസ്ത്യാനികൾ ഇരുട്ടിന്റെ പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത് എന്നു മാത്രമല്ല, അവയെ വാക്കിലും, പ്രവൃത്തിയിലും, തുറന്നു ശാസിക്ക കൂടെവേണം. ചില വ്യാഖ്യാതാക്കൾ കരുതുന്നത് ഈ ശാസന നടത്തേണ്ടത്, ക്രിസ്ത്യാനികളുടെ ജീവിതശൈലിയെ മാത്രമാണെന്നാണ്. വാക്യം 12 ന്റെ അടിസ്ഥാനത്തിലാണ് അവർ ആവീക്ഷണം നടത്തുന്നത്: **അവർ ഗൂഢമായി ചെയ്യുന്നത് പറവാൻ പോലും ലജ്ജയാകുന്നു.**[8] എങ്ങനെയായാലും, ശാസിച്ചുള്ള സംസാരത്തെയാണ് പൗലൊസ് എലെൻകോ എന്ന് വാക്ക് മറ്റു വേദഭാഗങ്ങളിൽ അർത്ഥമാക്കുന്നത് (2 തിമൊ. 4:2; തിത്തൊ. 2:15).

"പറവാൻ" എന്നത് വ്യക്തമാക്കുന്നത് തടുടർച്ചയായ അല്ലെങ്കിൽ ആവർത്തിച്ചുള്ള പ്രവർത്തികളെയാണ്. ക്രിസ്ത്യാനികൾ ഇരുട്ടിന്റെ പ്രവൃത്തികളെ കുറിച്ച് തങ്ങൾക്കിടയിലോ,  അല്ലെങ്കിൽ അ-വിശ്വാസികൾക്കിടയിലോ സംസാരിക്കേണ്ട വിഷയമല്ല. എങ്കിലും, ക്രിസ്ത്യാനികൾക്ക് അത്തരം സ്വഭാവങ്ങളെ നേരിടുവാൻ കഴിയണം. ഇന്നത്തെ ആചാരമനുസരിച്ച്, കാര്യങ്ങൾ എത്ര മോശമാണ് എന്ന രീതിയിൽ ഇരുട്ടിന്റെ പാപങ്ങളെ കുറിച്ച് തുടർച്ചയായി സംസാരിക്കരുത്; പക്ഷെ ദുർവിനിയോഗം, കോട്ടിക്കളയൽ, ഗർഭഛിദ്രം തുടങ്ങിയ പാപങ്ങൾക്കെതിരെ നാം സംസാരിക്കണം. ക്രിസ്ത്യാനിയുടെ ജീവിതശൈലി, തീർച്ചയായും, ഇരുട്ടിനെതിരായിരിക്കണം, ഇരുട്ടിനെതിരെ സംസാരിക്കേണ്ട സമയത്ത് സംസാരിക്കയും വേണം. നീതിയുള്ള ജീവിതത്തെ കൂടുതൽ ഊന്നി പറയേണ്ട ആവശ്യമില്ല, എന്നാൽ ഇരുട്ടിനെ ശാസിക്കുന്നത് ശക്തിയുള്ള വാക്കുകളാണ് (റോമർ 1:18-32 നോക്കുക). എസ്. ഡി. എഫ്. സാൽമണ്ട് നിരീക്ഷിച്ചു,

> രഹസ്യത്തിൽ ചെയ്യുന്ന പ്രവൃത്തികൾ അതെന്തുകൊണ്ട് തുറന്നു ശാസിക്കണമെന്നുള്ള കാരണം ഉയർത്തുന്നു; അതിന്റെ പോയിന്റ് ഇതാ

ണ്-ജാതികൾ രഹസ്യത്തിൽ ചെയ്യുന്നത് പറവാൻ പോലും പറ്റാത്ത വിധത്തിൽ മ്ലേഛമാണ്; അതിലുപരിയായി, അത് നിശബ്ദമായി കണ്ടി ല്ലെന്ന് നടിക്കുന്നതിനു പകരം, തുറന്നു ശാസിക്കുകയാണ് ആവശ്യം ...[9]

**വാക്യം 13.** ഇരുട്ട് മറച്ചു വെക്കുന്നത് വെളിച്ചം പുറത്തു കൊണ്ടുവരുന്നു. വെളിച്ചം പരക്കുമ്പോൾ, **എല്ലാ കാര്യങ്ങളും ദൃശ്യമാകുന്നു.** ഇരുട്ടിന്റെ പ്ര വൃത്തികളെ വെളിച്ചം പുറത്തുകൊണ്ടു വരുമ്പോൾ, ബോധം വരുന്നതെല്ലാം **വെളിച്ചം പോലെ തെളിവല്ലോ.** ഇരുട്ടിന്റെ പ്രവൃത്തികളായ ദുഷ്ടതയെ ക്രിസ്ത്യാനികൾ പുറത്തുകൊണ്ടുവരുമ്പോൾ, അവർക്ക് "വെളിച്ചം" ആകു വാനുള്ള അവസരം നൽകുകയാണ്. യേശു പറഞ്ഞു,

> ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്ര വൃത്തി ദോഷമുള്ളത് ആകയാൽ, അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നെ. തിന്മ പ്രവർത്തിക്കുന്നവനെല്ലാം വെളിച്ചത്തെ പ കെക്കുന്നു; തന്റെ പ്രവൃത്തിക്ക് ആക്ഷേപം വരാതിരിപ്പാൻ വെളിച്ചത്തി ലേക്ക് വരുന്നതുമില്ല. സത്യം പ്രവർത്തിക്കുന്നവനോ, തന്റെ പ്രവൃത്തി ദൈവത്തിൽ ചെയ്തിരിക്കയാൽ അത് വെളിപ്പെടേണ്ടതിന്നു വെളിച്ച ത്തിലേക്കു വരുന്നു (യോഹ. 3:19–21).

അവൻ വെളിച്ചം സത്യമായിട്ടും ഇരുട്ട് ദുഷ്ടതയായിട്ടും പറഞ്ഞിരിക്കുന്നു. ആളുകൾ ഇരുട്ടായ ദുഷ്ടതയെ ഇഷ്ടപ്പെടുമ്പോൾ, വെളിച്ചത്തെ പകെക്കു ന്നു, അങ്ങനെ അവർ തുടർച്ചയായി ഇരുട്ടിൽ വസിച്ച് ന്യായവിധിയിലേക്ക് നീ ങ്ങുന്നു. സത്യത്തിന്റെ നന്മയെ ആളുകൾ ഇഷ്ടപ്പെടുമ്പോൾ, അവർ "വെളി ച്ചത്തിലേക്ക്" വരികയും അങ്ങനെ തങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുന്നു എന്നു ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

### ജാഗ്രതയുള്ളവരാകുക (5:14)

**14അതുകൊണ്ട് ഉറങ്ങുന്നവനേ,**
**"ഉണർന്നു മരിച്ചവരുടെ ഇടയിൽനിന്ന്**
**എഴുന്നേൽക്കുക!**
**എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും."**

**വാക്യം 14.** മൂന്നു പദ്യ വരികൾ ഉപയോഗിച്ചുകൊണ്ടാണ് "വെളിച്ചത്തി ന്റെ മക്കൾ" എന്ന ഭാഗം പൗലൊസ് അവസാനിപ്പിക്കുന്നത്: **"ഉറങ്ങുന്നവവനേ, ഉണർന്നു, മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്ക, എന്നാൽ ക്രിസ്തു നി ന്റെ മേൽ പ്രകാശിക്കും." അതുകൊണ്ട് എന്ന് പറഞ്ഞുകൊണ്ടാണ്** അവൻ ആ പദ്യം പരിചയപ്പെടുത്തുന്നത്, അതേപോലുള്ള ഒരു ഉദ്ധരണി 4:8–ൽ അവൻ ഉപയോഗിച്ചിരിക്കുന്നു. എങ്ങനെയായാലും, ആ വരികൾ ബൈബി ളിൽ മറ്റൊരിടത്തുമില്ല. ഇതിനോട് ഏതാണ്ട് യോജിക്കുന്ന പഴയ നിയമ പ്ര സ്താവന യെശയ്യാവ് 60:1–ൽ കാണാം; എന്നാൽ അവിടെ, തന്റെ ജനത്തിന് ദൈവം വെളിച്ചം കൊണ്ടുവന്നതിന് അവനെ സ്തുതിക്കുന്നതിനെക്കുറിച്ചാണ് യെശയ്യാവ് പറഞ്ഞിരിക്കുന്നത്. പൗലൊസ് തന്റെ വായനക്കാർക്ക് ആ പദ്യം

ഒരു വാഗ്ദാനവും വെല്ലുവിളിയുമായിട്ടാണ് നൽകുന്നത്.

പഴയ നിയമത്തിലെ ഒന്നോ അതിലധികമോ വാക്യങ്ങൾ പൗലൊസ് സമാന്തര പ്രയോഗം നടത്തുകയായിരുന്നു എന്നാണ് ചില വ്യാഖ്യാതാക്കൾ വിചാരിക്കുന്നത്. പുതിയ നിയമ എഴുത്തുകാർ ഉദ്ധരണികൾ നൽകുവാൻ എടുത്ത സ്വാതന്ത്ര്യം അസാധാരണമായിരുന്നില്ല, പഴയ നിയമവും പുതിയ നിയമവും പറയുന്നത് ആ പ്രയോഗങ്ങളുടെ പശ്ചാത്തലത്തെയാണ്. തന്റെ ജനത്തെ സേവിക്കുവാൻ ദൈവം വരുന്നതുമായുള്ള ബന്ധത്തിലാണ് വെളിച്ചത്തെ പറഞ്ഞിരിക്കുന്നത് (ആവ. 33:2; സങ്കീ. 50:2; 80:1-3, 7, 19), ക്രിസ്തുവിനെ പലപ്പൊഴും വെളിച്ചമായി ചിത്രീകരിച്ചിട്ടുണ്ട് (ലൂക്കൊ 2:32; യോഹ. 1:4-9; 3:19-21; 8:12; 9:5; 12:46; വെളി. 1:16).

ദൈവശ്വാസീയമല്ലാത്ത ഉറവിടത്തിൽ നിന്നാണ് പൗലൊസ് ഉദ്ധരിച്ചതെന്ന് ചിലർ കരുതുന്നു (പ്രവൃ. 17:28 ലേതുപോലെ), ഒരുപക്ഷെ ദൈവശ്വാസീയമല്ലാത്ത എഴുത്തോ, പ്രാരംഭ ക്രിസ്തീയ ഗീതമോ, അല്ലെങ്കിൽ രേഖപ്പെടുത്താത്ത യേശുവിന്റെ പ്രസ്താവനയോ ആയിരിക്കാം.[10] ആ പദ്യത്തിന്റെ ആരംഭം നമുക്ക് തീർച്ചയില്ലാത്തതിനാൽ, പൗലൊസ് ഉപയോഗിച്ചത് നമുക്ക് വ്യക്തമല്ല. ക്രിസ്തുവിന്റെ സന്ദേശത്തെ സ്വീകരിക്കുന്നവർ, അവർ മുമ്പ് ആത്മീയ മരണത്തിലായിരുന്നു എങ്കിലും, അവർക്ക് പുനരുത്ഥാനം വാഗ്ദാനം ചെയ്തിരുന്നു. ക്രിസ്തുവിന്റെ ജീവനും വെളിച്ചവും (യോഹ. 8:12; റോമർ. 6:1-4) ഇരുട്ടിന്റെ പ്രവൃത്തികളെ വിട്ട് "വെളിച്ചത്തിന്റെ മക്കൾ" ആയി തീരുന്നവർക്കുള്ളതാണ് (5:8).

> സമൂഹത്തിന്റെ മൂല്യത്തിൽ നിന്ന് വ്യത്യസ്തമായ സഭയിലായി തീരുന്ന ഓരോരുത്തരും തിരിച്ചറിയണമെന്ന് വായനക്കാരിൽനിന്ന് എഴുത്തുകാരൻ പ്രതീക്ഷിക്കുന്നു, അത് മുമ്പുള്ള ഇരുട്ടിന്റെ എതിരാണ് ... ചുറ്റുമുള്ള ഇരുട്ട് ബാധിക്കുന്ന അവസ്ഥക്കു പകരം, വിശ്വാസികൾ അവരുടെ സ്വാധീനം ചെലുത്തുവാൻ അപേക്ഷിച്ചിരിക്കുകയാണ്. മറ്റുള്ളവർക്ക് പ്രകാശം നൽകുന്ന ദീപസ്തംഭം പോലെയായിരിക്കണം സമൂഹത്തിൽ ഓരോ ക്രിസ്ത്യാനിയും, അതായത് പ്രകാശം പരത്തി ജീവിക്കണം ... ആകയാൽ ചുറ്റുമുള്ള ഇരുട്ടിനെ പ്രകാശം അകറ്റുന്നതുപോലെ വായനക്കാർ ജീവിക്കണമെന്ന് എഴുത്തുകാരൻ ആഗ്രഹിക്കുന്നു. ഇരുട്ടും വെളിച്ചവും തമ്മിലുള്ള പോരാട്ടത്തിൽ അസാനം ഇരുട്ട് ജയിക്കയില്ല, കാരണം ഉയർത്തെഴുന്നേറ്റ ക്രിസ്തുവാണ് അതിന്റെ ഉറവിടം.[11]

## പ്രായോഗികത

### വെളിച്ചത്തിന്റെ മക്കൾ (5:7-14)

5:7-14-ൽ പൗലൊസ്, തന്റെ വായനക്കാരോട്, പ്രത്യേകിച്ച് വാക്യം 8-ൽ "വെളിച്ചത്തിന്റെ മക്കൾ" ആയി നടക്കുവാൻ അപേക്ഷിച്ച് ക്രിസ്ത്യാനികൾ എങ്ങനെ "നടക്കണം" എന്നതിനെ കുറിച്ച് മൂന്നാമത്തെ പ്രസ്താവന നൽകുന്നു.

*അന്തരം.* തിരുവെഴുത്തിൽ "വെളിച്ചവും" "ഇരുളും" തമ്മിലുള്ള അന്തരം വ്യക്തമാക്കിയിരിക്കുന്നു. "വെളിച്ചം" ദൈവത്തെയും, ദൈവവഴിയേയും, അവന്റെ ശക്തിയേയും, ക്രിസ്ത്യാനികളെയും ആണ് പ്രതിനിധീകരിക്കു

ന്നത്. "ഇരുട്ട്" പ്രതിനിധീകരിക്കുന്നത്, സാത്താനെയും, ലൗകിക വഴികളെയും, അവന്റെ ശക്തിയേയും നഷ്ടപ്പെട്ടവരെയും ആണ്.[12] ആലങ്കാരികമായി "വെളിച്ചം" ക്രിസ്തുവിനെയും "ഇരുട്ട്" ദുഷ്ടതയെയുമാണ് പറയുന്നത് (യോഹ. 1:1–5, 9; 3:19–21; 8:12; 12:35, 36). കൂടാതെ, വിശ്വസ്തരായ ക്രിസ്ത്യാനികളെയും അവിശ്വസ്തരായ ക്രിസ്ത്യാനികളെയും ആണ് "വെളിച്ചവും" "ഇരുളും" സൂചിപ്പിക്കുന്നത് (1 യോഹ. 2:4–11).

*ഉറപ്പ്.* വെളിച്ചത്തിൽ നടക്കുന്ന ക്രിസ്ത്യാനികൾക്ക് ദൈവത്തോടുള്ള ബന്ധവും തുടർച്ചയായ ശുദ്ധീകരണവും ലഭിക്കുന്നു (1 യോഹ. 1:5–9).

*പരിജ്ഞാനം.* വെളിച്ചത്തിന്റെ ഫലം പുറപ്പെടുവിക്കുകയാണെങ്കിൽ (5:9) അവർക്ക് അറിയാം തങ്ങൾ "വെളിച്ചത്തിൽ" നടക്കുന്നു എന്ന്, അത് ദൈവത്തെ പ്രസാദിപ്പിക്കുകയാണെന്നും കാണാം (5:10), ഇരുട്ടിന്റെ പ്രവൃത്തികളെ വെളിപ്പെടുത്തുകയും ചെയ്യും (5:11–14). ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിതം ദൈവത്തിന്നു കീഴ്പ്പെടുത്തുകയാണെങ്കിൽ, ശരിയായ ഫലം പുറപ്പെടുവിക്കുവാൻ അവരെ അവൻ സഹായിക്കും. തിരുവെഴുത്തുകളെ പരിശോധിച്ചുകൊണ്ട് അവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാനും കഴിയും. ക്രിസ്ത്യാനികൾ ശരിയായി ജീവിക്കുകയും, ദയയോടും, ഉറപ്പോടുംകൂടെ തിന്മക്ക് എതിരെ സംസാരിക്കുകയും ചെയ്യുമ്പോൾ, അത് സമൂഹത്തിൽ വലിയ മാറ്റമുണ്ടാക്കും.

*"കർത്താവിൽ വെളിച്ചം."* പൗലൊസ് എഫെസൊസിലെ ക്രിസ്ത്യാനികളെ "കർത്താവിൽ വെളിച്ചം" എന്നാണ് പറഞ്ഞത് (5:8). ഒരാൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏൽക്കുമ്പോൾ, അയാൾ ദൈവത്തോട് നിരപ്പ് പ്രാപിക്കുകയും, അവൻ അയാളെ പാപത്തിൽനിന്നു വീണ്ടെടുക്കയും, അവൻ സകല ആത്മികാനുഗ്രഹങ്ങൾക്കും പാത്രമായി, ലോകത്തിന് വെളിച്ചമാകുകയും ചെയ്യും (1:3–14; 2:13–16; മത്താ. 5:16 നോക്കുക).

*ഉപസംഹാരം.* ക്രിസ്ത്യാനികൾ ലോകത്തിലാണെങ്കിലും, ലോകത്തിനുള്ളവരല്ല. സഭ ഒരിക്കലും ലോകത്തെ ആലിംഗനം ചെയ്കയില്ല. വെളിച്ചം ഇരുളിനെ തുടച്ചു നീക്കുന്നതുപോലെ, അവർ ലോകത്തെ അഭിമുഖീകരിക്കും.

ജേയ് ലോക്ഹാർട്ട്

**ദൈവത്തിന്റെ അനുകാരികൾ (5:1-14)**

ലോകത്തിനു ചുറ്റുമുള്ള മക്കളുടെ സ്വഭാവം എന്തെന്നാൽ അവർ എല്ലായ്പോഴും അവർക്കിഷ്ടമുള്ള ആളുകളെയാണ് അനുകരിക്കുന്നത്. നിനക്ക് ഭക്ഷണത്തിന് എന്താണ് വേണ്ടത്? എന്ന് അമ്മ മകനോട് ചോദിക്കുമ്പോൾ, സാധാരണ പറയുന്നത് "അപ്പൻ എന്താണ് കഴിക്കുന്നത്, അതാണ് എനിക്ക് ഇഷ്ടം" എന്നു പറഞ്ഞേക്കാം. കുട്ടികൾ പലപ്പോഴും ആരംഭത്തെ കുറിച്ചല്ല കരുതുന്നത്, മറിച്ച് അവർക്ക് മാതൃകയായി എടുക്കാവുന്നവരെ കുറിച്ചാണ്.

ദൈവത്തിന്റെ മക്കളായ നമ്മോട് പറയുന്നത് "ദൈവത്തിന്റെ അനുകാരികൾ" ആകുവിൻ എന്നാണ് (5:1). നാം ദൈവത്തെ പോലെ ആകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ നാം എങ്ങനെ ജീവിക്കും? 5:1–14–ൽ, "ദൈവത്തെ അനുകരിക്കുന്നവർ" രണ്ടു വിധത്തിൽ അവനെ പോലെ ആകും എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്.

1. *സ്നേഹത്തിൻ മക്കൾ* (5:1–7). "ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ; ക്രിസ്തു നിങ്ങളെ സ്നേഹിച്ചു തന്നെത്താൻ

ഏൽപിച്ചുകൊടുത്തതുപോലെ, സ്നേഹത്തിൽ നടപ്പിൻ ..." (5:1, 2).

ഈ ആദ്യത്തെ സ്വഭാവം മനസിലാക്കുവാനായി ഇടക്ക് "ആകയാൽ" എന്നു ചേർത്തിരിക്കുന്നു. ആ വാക്ക് നമ്മെ മുൻപ് 4:32-ൽ പറഞ്ഞ ഒരു തത്വത്തെ ഓർമ്മിപ്പിക്കുന്നു: "നിങ്ങൾ തമ്മിൽ ദയയും മനസലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ." ദൈവം സ്നേഹത്തോടെ ക്ഷമിക്കുന്നവനായിട്ടാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. നാം സ്നേഹത്തോടെ ക്ഷമിക്കുന്നവരാകുമ്പോഴാണ് പൗലൊസിന്റെ കൽപനയായ ദൈവത്തെ അനുകരിപ്പിൻ എന്നത് പ്രാവർത്തികമാക്കുന്നത്. നാം ദയയുള്ളവരായിരിക്കണം; മൃദുല-ഹൃദയമുള്ളവരായിരിക്കണം, അല്ലാതെ കഠിനഹൃദയരാകരുത്; കടുപ്പമുള്ളതോ അല്ലെങ്കിൽ അലക്ഷ്യമുള്ളവരോ ആകരുത്. നാം ക്ഷമിക്കുന്നവരാകണം. സ്നേഹം യഥാർത്ഥമാകണം, ക്ഷമിക്കുവാൻ കഴിയാത്ത സ്നേഹം യഥാർത്ഥമല്ല.

മത്തായി 18-ൽ, ഈ കാര്യത്തെ കുറിച്ച് തന്റെ തത്വം യേശു വ്യക്തമാക്കിയിരിക്കുന്നു. ഒരാൾ തന്റെ സഹോദരനോട് എത്ര പ്രാവശ്യം ക്ഷമിക്കണം എന്ന് പത്രൊസ് യേശുവിനോട് ചോദിച്ചു. ഒരാൾ മൂന്നു പ്രാവശ്യം ക്ഷമിച്ചാൽ മതി എന്നായിരുന്നു യെഹൂദ റബ്ബിമാർ പഠിപ്പിച്ചിരുന്നത്; പിന്നെ തന്റെ കടമ ചെയ്യുവാൻ അവനു സ്വാതന്ത്ര്യമുണ്ടായിരുന്നു. തന്റെ രക്ഷാധികാരിയായ കർത്താവിനെ പ്രീതിപ്പെടുത്തുവാൻ ആഗ്രഹിച്ചുകൊണ്ടായിരിക്കാം, അവൻ ഏഴു പ്രാവശ്യം മതിയോ എന്നു ചോദിച്ചത്. യേശു അതിനു മറുപടി പറഞ്ഞു, "ഏഴു വട്ടമല്ല, ഏഴ് എഴുപതുവട്ടം എന്നു ഞാൻ നിന്നോട് പറയുന്നു" (മത്താ. 18:22). രേഖ-സൂക്ഷിക്കുന്നതല്ല ഇവിടെ കാര്യം, മറിച്ച് മനോഭാവമാണ്. ദൈവത്തെ അനുകരിക്കുന്നതിന്റെ അടിസ്ഥാനം ക്ഷമിക്കുന്ന മനോഭാവമായിരിക്കണം.

നാം ദൈവത്തിനെതിരായി തെറ്റു ചെയ്തിട്ടുണ്ടോ? തീർച്ചയായും ഉണ്ട്! നാം അവനോട് മൽസരിക്കുകയും, അവനെ നിന്ദിക്കുകയും, വെറുക്കുകയും, തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്. അപ്പോഴും അവൻ നമ്മോട് ക്ഷമിച്ചിരിക്കുന്നു. ദൈവത്തിന്റെ ഭാഗത്തുനിന്നു അനർഹരോട് ക്ഷമിക്കുന്ന മനോഭാവമാണ് ക്രൂശിൽ നാം ദർശിക്കുന്നത് (റോമ. 5:8). നാമും അതേ രീതിയിലുള്ള ക്ഷമാപണം ആണ് കാണിക്കേണ്ടത്.

അത്തരത്തിലുള്ള ക്ഷമാപണത്തിന് നമ്മെ പ്രേരിപ്പിക്കുന്നത് എന്താണ്? സ്നേഹം. അദ്ധ്യായം 2-ൽ പൗലൊസ് പഠിപ്പിച്ചത് ഓർമ്മിക്കുക. നാം പാപത്തിൽ മരിച്ചവരായിരുന്നു എന്നാണ് അവൻ പറഞ്ഞത്; ഈ ലോകത്തിന്റെ ജീവിതശൈലിയായിരുന്നു നാം സ്വീകരിച്ചിരുന്നത്. നാം അവനെ അനുസരിക്കാതെ, നമ്മുടെ ജഡമോഹങ്ങളനുസരിച്ച് അവനിൽനിന്നു വേർപെട്ട് ജീവിച്ചിരുന്നു. "എന്നാൽ ദൈവമോ, നമ്മെ സ്നേഹിച്ച മഹാ സ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും ചെയ്തു ..." (2:4, 5).

ക്രൂശായിരുന്നു പാപക്ഷമാപണം യഥാർത്ഥമാക്കിയത്, എന്നാൽ ദൈവസ്നേഹമായിരുന്നു ക്രൂശിനെ യഥാർത്ഥമാക്കിയത്. ദൈവം ക്രിസ്തുവിൽ ക്ഷമിച്ചതുപോലെ നാമും അന്യോന്യം ക്ഷമിക്കണം എന്ന പൗലൊസിന്റെ പ്രബോധനത്തിൽ അടങ്ങിയിരിക്കുന്നത് അതാണ്. അതുകൊണ്ടാണ് പൗലൊസ്, "അതുകൊണ്ട് ദൈവത്തിന്റെ അനുകാരികളായി ... സ്നേഹത്തിൽ നടപ്പിൻ" എന്ന് അപേക്ഷിച്ചത് (5:1, 2).

നമ്മോട് തെറ്റു ചെയ്ത ആരോടും ക്ഷമിക്കത്തക്കവണ്ണം സ്നേഹത്തിൽ നാം മുൻപോട്ട് നീങ്ങുവാനുള്ള ഒരു വെല്ലുവിളിയാണ് പൗലൊസ് നൽകുന്നത്. അത് പ്രയാസമമുള്ള കാര്യമാണ് കാരണം അവരോട് വിദ്വേഷം വെച്ചുകൊണ്ടിരിക്കുവാനാണ് നമുക്ക് ഇഷ്ടം. ക്ഷമിക്കുവാനുള്ള ദൈവത്തിന്റെ നിലവാരം ആയിരിക്കണം നമ്മുടേത്.

(1) പുനരുൽപാദനം നടത്തുവാനുള്ള ഒരു മാതൃക. നമുക്ക് അവനെ പോലെ ആകുവാനുള്ള പ്രബോധനം മാത്രം പോരാ എന്നു ദൈവത്തിന് അറിയാം; നമുക്ക് പ്രത്യുൽപാദനം നടത്തുവാനുള്ള മാതൃക ആവശ്യമാണ്. എല്ലാ ക്രിസ്ത്യാനികൾക്കുമുള്ള ആ മാതൃകയാണ് ദൈവം ജഡത്തിൽ വന്ന യേശുക്രിസ്തു. ദൈവം എങ്ങനെയിരിക്കും എന്ന് അറിയുവാൻ നിങ്ങൾക്ക് താൽപര്യമുണ്ടോ? എങ്കിൽ യേശുവിനെ നോക്കുക. അവൻ "നിങ്ങളെ സ്നേഹിച്ച്, തന്റെ ജീവൻ നമുക്കായി ഏൽപിച്ചുകൊടുത്തു." അതാണ് സ്നേഹം പ്രാവർത്തികമായത്: തന്റെ സ്വാർത്ഥത നോക്കാതെ, തന്നെ മറ്റൊരാൾക്ക് ഏൽപിച്ചു കൊടുക്കുക. നമ്മുടെ കർത്താവ് കാണിച്ചതാണ് ശരിയായ സ്നേഹം. അത് നിസ്വാർത്ഥമായ നൽകലും, ത്യാഗവും, വിനയവും, നമ്മുടെ അവകാശങ്ങൾ മറ്റുള്ളവരുടെ അനുഗ്രഹത്തിനായി ഉപേക്ഷിക്കുന്നതുമാകുന്നു.

തീർച്ചയായും, അത്തരം ഒരു സ്നേഹത്തിന്റെ മാതൃകയല്ല ലോകത്തിനുള്ളത്. ലോകത്തിന്റെ മാതൃക ഇതാണ്: "എന്റെ ആവശ്യങ്ങൾ നിറവേറ്റുന്നേടത്തോളം, നിനക്ക് എന്റെയടുത്തു നിൽക്കാം." വസ്തുവിനെ അടിസ്ഥാനപ്പെടുത്തിയാണ് ലോകത്തിന്റെ സ്നേഹ പരിശീലനം. അത് പറയുന്നു, "നീ എന്നോട് നന്നായി പെരുമാറിയതുകൊണ്ട് ഞാൻ നിന്നെ സ്നേഹിക്കുന്നു"; "നീ എന്നെ സുഖിപ്പിച്ചതുകൊണ്ട് ഞാൻ നിന്നെ സ്നേഹിക്കുന്നു." "നീ എനിക്ക് ഇടർച്ച വരുത്തുകയോ, എന്നെ വേദനിപ്പിക്കുകയോ ചെയ്യാതിരുന്നതിനാൽ ഞാൻ നിന്നെ സ്നേഹിക്കുന്നു."

അതുപോലെയുള്ള ഒന്നല്ല ദൈവത്തിന്റെ സ്നേഹം. "നീ എനിക്ക് ഇടർച്ച വരുത്തിയാലും, എന്റെ സ്നേഹിതാ, നീ എന്തു ചെയ്താലും, തിരിച്ച് ഞാൻ സ്നേഹമാണ് തരുന്നത്!" ഒരു വസ്തുവിനാലും ദൈവം നിയന്ത്രിക്കപ്പെടുന്നില്ല. സ്നേഹം ദൈവത്തിൽനിന്നും ഒഴുകുവാൻ കാരണം സ്നേഹം ദൈവത്തിന്റെ സ്വഭാവമാണ്.

(2) തിന്മ പരിത്യജിക്കേണ്ടതാണ്. നാം ദൈവത്തെ അനുകരിക്കുകയാണെങ്കിൽ, സ്നേഹത്തിന് എതിരായ ഭാവങ്ങളെല്ലാം നാം നിരാകരിക്കണം (5:3, 4).

ലോകം സ്നേഹത്തെ മനസിലാക്കിയിരിക്കുന്നത് തലതിരിഞ്ഞാണ്. പൗലൊസ് ഇവിടെ പറഞ്ഞ ഓരോ പാപത്തെയും പോലെ, അത് സ്വയ-കേന്ദ്രീകൃതമാണ്. ഉദാഹരണത്തിന്, ലൈംഗിക അധാർമ്മികത്വം എല്ലാവിധത്തിലുമുള്ള ലൈംഗിക പാപത്തിലേക്ക് നയിക്കുകയും, അത് സ്വയം-ആഹ്ലാദിപ്പിക്കുന്നതായി തോന്നുകയും ചെയ്യും. ഭാര്യയോട് അവിശ്വസ്തനായി തീർന്ന ഭർത്താവിനെ പരിഗണിക്കുക. അയാൾക്ക് ഒരിക്കലും അവളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുവാൻ കഴിയുകയില്ല. തന്റെ ആഗ്രഹങ്ങളും മോഹങ്ങളും തൃപ്തിപ്പെടുത്തുക എന്നതായിരിക്കും അയാളുടെ ലക്ഷ്യം. അത്തരം മാതൃകയല്ല നമുക്ക് പിൻപറ്റുവാൻ യേശു നൽകിയിരിക്കുന്നത്.

പൗലൊസ് നൽകിയ ലിസ്റ്റിൽ "അത്യാഗ്രഹത്തിന്" സ്ഥാനം ഇല്ല എന്നു നമുക്ക് ഒറ്റ നോട്ടത്തിൽ തോന്നിയേക്കാം. വാസ്തവത്തിൽ, തല തിരിഞ്ഞ സ്നേഹത്തിന്റെ പട്ടികയിൽ പെടുന്നതാണ്, അതും. പത്തു കൽപനകൾ

വായിക്കുന്നു, “കൂട്ടുകാരന്റെ ഭാര്യയെ മോഹിക്കരുത്; കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്; കൂട്ടുകാരന്റെ യാതൊന്നിനേയും മോഹിക്കരുത് ...” (ആവ. 5:21). ലൈംഗിക അധാർമ്മികതയിൽ അല്ലെങ്കിൽ ശരിയല്ലാത്ത കാര്യങ്ങളിൽ പെടുന്നതാണ് “അത്യാഗ്രഹം.” അക്കാര്യത്തിൽ, ഒരാൾ കൂട്ടുകാരന്റെ താല്പര്യമല്ല, സ്വന്ത താൽപര്യമാണ് അയാൾ നോക്കുന്നത്. ഇത് ഒരുതരം സ്വയ-സ്നേഹമാണ്, അനന്തരഫലമോ, തലതിരിഞ്ഞ സ്നേഹമായി മാറുന്നു. ദൈവ ജനത്തിന് അത്തരം പ്രവർത്തികൾ “ഉചിതമല്ല” എന്നു പറയുവാൻ കാരണം അതാണ് (5:4).

അത്തരം പ്രവൃത്തികൾ നാം വിട്ടുകളയണമെന്ന് മാത്രമല്ല, നാം അവയെ കുറിച്ച് സംസാരിക്കുക പോലും അരുത്. നാം ഒരിക്കലും അസഭ്യം പറയരുത്. (ഈ സന്ദർഭത്തിൽ, പ്രത്യേകമായി ലൈംഗിക-കാര്യങ്ങളിൽ വ്യാപൃതമാകുന്നതിനെ കുറിച്ച് സംസാരിക്കരുത്.) കൂടാതെ, ദൈവജനം ഒരിക്കലും വിഡ്ഢിത്തം സംസാരിക്കരുത്, അതായത് ദൈവത്തിന്റെ നിലവാരത്തിന് ഹാനിവരുത്തുന്ന സംഭാഷണം പാടില്ല. “കളിവാക്ക്” എന്നത് ഗ്രീക്കിൽനിന്നു തർജിമ ചെയ്തിരിക്കുന്നതിനർത്ഥം “പെട്ടെന്ന് തിരിക്കുവാൻ കഴിയുന്ന” എന്നാണ്. ചില സംഭാഷണത്താലോ, അല്ലെങ്കിൽ ചില പ്രവൃത്തിയാലോ പെട്ടെന്ന് വഷളാക്കുവാൻ കഴിയും. അത്തരം സംഭാഷണം ദൈവത്തെ അനുകരിക്കുവാൻ ശ്രമിക്കുന്നയാളെ ബാധിക്കും. വിടുവായ് വെച്ചുകൊണ്ട് ദൈവം സ്നേഹിച്ചതുപോലെ സ്നേഹിക്കുവാനോ ദൈവം സന്തോഷിക്കുന്നതുപോലെ സന്തോഷിപ്പാനോ സാധ്യമല്ല.

വികലമാക്കുന്ന സ്നേഹത്തിനെതിരായി തിരുവെഴുത്ത് ശക്തമായ മുന്നറിയിപ്പ് നൽകുന്നു:

> ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി, ഇവർക്ക് ആർക്കും ക്രിസ്തുവിന്റേയും ദൈവത്തിന്റേയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലൊ.
>
> വ്യർത്ഥ വാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്; ഈ വക നിമിത്തമല്ലൊ ദൈവകോപം അനുസരണം കെട്ടവരുടെമേൽ വരുന്നു. നിങ്ങൾ അവരുടെ കൂട്ടാളികൾ ആകരുത് (5:5-7).

നമ്മുടെ ലോകം നമ്മോട് പറയുന്നു, “നിങ്ങൾക്ക് ഇഷ്ടമുള്ളതു ചെയ്യുവാൻ നിങ്ങൾക്ക് അവകാശമുണ്ട്! വിവാഹം കൂടാതെയുള്ള ലൈംഗികവേഴ്ച്ച ആകാം.” അത്തരം വിശ്വാസത്തെ മുറുകെ പിടിക്കുന്ന ആളുകൾ തങ്ങളുടെ ജഡാഭിലാഷം നിവർത്തിക്കുവാൻ ആഗ്രഹിക്കുന്നവരാണ്. ലോകത്തിന്റെ തത്വജ്ഞാനങ്ങളാൽ ആരും വഞ്ചിക്കപ്പെടരുത് എന്ന് പൗലൊസ് മുന്നറിയിച്ചിരിക്കുന്നു. ലോകത്തിലുള്ള ആളുകൾ വിമോചനം, വൈകാരിക എതിർപ്പിൽനിന്നുള്ളള മോചനം, എന്നിവയെ കുറിച്ചെല്ലാം സംസാരിക്കുന്നത് അവരുടെ അഹന്ത നിമിത്തമാണ്. “അത്തരം സംഭാഷണങ്ങളെ വിശ്വസിക്കരുത്, കാരണം സ്നേഹത്തെ തല തിരിച്ച് ഉപയോഗിക്കുന്നവരിലേക്ക് ദൈവകോപം വരും-ക്രിസ്ത്യാനികളെന്നു പറയുന്നവരാണെങ്കിലും. ദൈവിക സ്നേഹത്തിൽ തുടർന്നു ജീവിക്കുവാൻ യേശു കാണിച്ചു തന്ന മാതൃക അനുകരിക്കുക.”

2. *വെളിച്ചത്തിന്റെ മക്കൾ* (5:8-14). “മുമ്പെ നിങ്ങൾ ഇരുളായിരുന്നു,

ഇപ്പോഴോ, കർത്താവിൽ വെളിച്ചം ആകുന്നു; വെളിച്ചത്തിന്റെ മക്കളായി നടപ്പിൻ ... കർത്താവിന്നു പ്രസാദമായത് എന്തെന്ന് പരിശോധിച്ചുകൊൾവിൻ" (5:8-10). സത്യത്തിന്റെ അടയാളമാണ് വെളിച്ചം. നമ്മുടെ ജീവിതം മുൻപ് വെളിച്ചമല്ലാത്തതായിരുന്നു (5:8). നാം നടന്നത് ആത്മിക ഇരുട്ടിലായിരുന്നു, ദൈവത്തെ പ്രതിനിധീകരിക്കുന്നതിനെതിരായതെല്ലാമാണ് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ, യേശുവിനെ അനുഗമിക്കുന്നതിനാൽ, നമ്മുടെ കണ്ണുകൾ തുറക്കപ്പെട്ടിരിക്കുന്നു; നാം സത്യത്തിൽ നടക്കുന്നു. തെറ്റായ മൂല്യങ്ങളെ, തത്വസംഹിതങ്ങളെ, തകരുന്ന വിവാഹബന്ധങ്ങൾ, ജോലികൾ എന്നിവ തിരിച്ചറിയുവാൻ കഴിയും. "ഇതിൽ തെറ്റൊന്നും ഞാൻ കാണുന്നില്ല" എന്ന് അവയെ കുറിച്ച് നമുക്ക് പറയുവാൻ കഴിയുകയില്ല. കാരണം പാപത്തെ യഥാർത്ഥത്തിൽ പാപം ആയി നമുക്ക് കാണുവാൻ കഴിയും.

(1) നമ്മുടെ സ്വഭാവങ്ങൾ (5:9). ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്ക് മാറ്റപ്പെട്ട നമ്മിൽ മൂന്നു സ്വഭാവവിശേഷതകൾ കാണാം. ഒന്നാമത്തേത് "സൽഗുണം." ദ്രോഹത്തിനു പകരം (4:31), നമ്മിൽ ധർമ്മോപകാര പ്രവൃത്തികളാണ് നിറയുന്നത്. ആവശ്യങ്ങൾ നാം അന്വേഷിക്കുകയും അവ മറ്റുള്ളവരിൽ കണ്ടെത്തുകയും ചെയ്യും. രണ്ടാമത്, "വെളിച്ചത്തിന്റെ മക്കൾ" "നീതിമാന്മാരും" ആയിരിക്കും. നാം നീതിയുള്ളത് ചെയ്യുവാൻ കാരണം ദൈവത്തെ മഹത്വപ്പെടുത്തുന്നത് അങ്ങനെയാണ്. നമുക്ക് ഇപ്പോൾ ദൈവം കാണുന്നതുപോലെ കാണുവാനും, അവൻ തീരുമാനിക്കുന്നതുപോലെ തീരുമാനിക്കുവാനും കഴിയുന്നു, കൂടാതെ അവൻ നമ്മിൽ വസിച്ച് എങ്ങനെ ജീവിക്കണമോ, അങ്ങനെ ജീവിക്കുവാൻ നമുക്ക കഴിയും. വെളിച്ചത്തിന്റെ മൂന്നാമത്തെ ഫലം "സത്യം" ആണ്. വ്യാജവും കാപട്യവും നിറഞ്ഞതായിരുന്നു നമ്മുടെ പഴയ ജീവിതം. ഇപ്പോൾ നാം ആത്മാർത്ഥതയോടെയും, വിശ്വസ്തതയോടെയും സത്യസന്ധതയോടെയും യഥാർത്ഥത്തിലും ജീവിക്കണം.

നീതിപ്രവൃത്തികളാൽ നാം വെളിച്ചത്തിന്റെ മക്കളാകുന്നില്ല. നേരെ എതിരാണ് ദൈവം കൽപിച്ചിരിക്കുന്നത്. മതിയായത്ര നന്മ ചെയ്താൽ തങ്ങൾ രക്ഷിക്കപ്പെടും എന്ന് ചില ആളുകൾ വിശ്വസിക്കുന്നു. സത്യമെന്തെന്നാൽ, ആദ്യം നാം വെളിച്ചത്തിന്റെ മക്കളായി തീർന്ന ശേഷമാണ് സൽഗുണങ്ങളും, നീതിയും സത്യവും നമ്മിൽ വളർത്തുന്നത്. അവ രക്ഷക്കുള്ള കാരണമല്ല, മറിച്ച് രക്ഷിക്കപ്പെട്ടതിന്റെ ഫലമായി കാണുന്നവയാണ്.

(2) നമ്മുടെ കൽപന. "ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്" (5:11). ക്രിസ്ത്യാനികൾ ഉപേക്ഷിക്കേണ്ട നിഷ്ഫല പ്രവൃത്തികളെ പൗലൊസ് രണ്ട് പ്രാവശ്യം പറഞ്ഞിരിക്കുന്നു (4:17-31; 5:3, 4). ഇരുട്ടിലുള്ളവരോട് നമുക്ക് കൂട്ടായ്മ ഇല്ല.

"നിഷ്ഫലം" ആയതുകൊണ്ടാണ് അത്തരം പ്രവൃത്തികൾ ഉപേക്ഷിക്കണം എന്നു പറഞ്ഞിരിക്കുന്നത്. ഒരുതരം ഫലത്തിൽനിന്നു മറ്റൊരു തരം ഫലത്തെ വേർതിരിച്ചു കാണിക്കുകയല്ല പൗലൊസ് ചെയ്യുന്നത്. പിന്നെയോ ഫലമുള്ളതും ഫലമില്ലാത്തതുമാണ് വേർതിരിച്ച് കാണിക്കുന്നത്. പഴയ ജീവിതത്തിലെ പ്രവൃത്തികൾ ഫലമില്ലാത്തതും ഫലം കായ്ക്കാത്തതുമാണ്. ആ രീതിയിലുള്ള ജീവിതത്തിന് ശാശ്വത സമാധാനമോ തൃപ്തിയോ ഇല്ല. ഫലമില്ലാത്ത ജീവിതം നമുക്ക് ശക്തി പകരുകയില്ല. പാപ പ്രവൃത്തികൾ പലതും വാഗ്ദാനം ചെയ്യും. പക്ഷെ കാലം ചെല്ലുമ്പോൾ ആ വാഗ്ദാനങ്ങളുടെ ശൂന്യത വെളിപ്പെടും.

കൽപന വ്യക്തമാണ്: ഇരുട്ടിന്റെ വ്യവസ്ഥയുമായി നമുക്ക് ഒരു കാര്യവുമില്ല. ദൈവത്തിന്റെ അനുകാരികളായ നാം നമുക്ക് ലഭിച്ച വെളിച്ചത്തിൽ തുടർച്ചയായി നടക്കണം.

(3) നമ്മുടെ ചുമതല. "പകരം അവയെ ശാസിക്കയത്രേ വേണ്ടത്. കാരണം അവർ ഗൂഢമായി ചെയ്യുന്ന കാര്യങ്ങൾ പറവാൻ പോലും ലജ്ജയാകുന്നു ..." (5:11–13). ഇരുട്ടിന്റെ പ്രവൃത്തികളിൽ നിന്നു നാം വിട്ടുനിൽക്കണം എന്നു പറയുമ്പോൾ, ലോകത്തിൽനിന്നു നമ്മെ ഒറ്റപ്പെടുത്തുവാനല്ല ഉദ്ദേശിക്കുന്നത്, മറിച്ച്, ലോകത്തിലെ ഇരുട്ടിനെ അകറ്റുവാനുള്ള വെളിച്ചം പകർന്നു കൊടുക്കുകയാണ് വേണ്ടത്. ലോകം ഇരുട്ടിൽ ജീവിക്കുന്നതിനാൽ അതിനു ശരിയായി പ്രവർത്തിക്കുവാൻ അറിയില്ല. തന്റെ സൃഷ്ടികളെ കുറിച്ചുള്ള അവന്റെ ഉദ്ദേശം നമുക്ക് വെളിപ്പെടുത്തിയതുകൊണ്ട്, എങ്ങനെ ശരിയായി പ്രവർത്തിക്കണം എന്ന് നമ്മോട് വിശദീകരിച്ചിരിക്കുന്നു.

മറ്റുള്ളവർ ചെയ്യുന്ന തെറ്റ് അവരോട് സംസാരിക്കുന്നതും നമ്മുടെ ചുമതലയിൽ പെടുന്നു. അത് ഒരിക്കലും എളുപ്പമല്ല. യോഹന്നാൻ പറഞ്ഞു, "ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതാകയാൽ, അവർ വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നെ ... തിന്മ പ്രവർത്തിക്കുന്നവനെല്ലാം വെളിച്ചത്തെ പകെക്കുന്നു; തന്റെ പ്രവൃത്തിക്ക് ആക്ഷേപം വരാതിരിപ്പാൻ വെളിച്ചത്തിലേക്ക് വരുന്നതുമില്ല." (യോഹ. 3:19–20).

*ഉപസംഹാരം.* അഭക്തിയുള്ള ലോകത്തിൽ, ദൈവത്തെ അനുകരിപ്പാനാണ് നമ്മോട് പറഞ്ഞിരിക്കുന്നത്. വെളിച്ചവും സത്യവും അറിയാത്ത ലോകത്തിന് അവ രണ്ടും കാണിച്ചു കൊടുക്കണമെന്നർത്ഥം. നാം "നിന്നേ-ക്കാൾ-വിശുദ്ധിയുള്ളവൻ" എന്നു സംസാരിക്കുന്ന മനോഭാവമുള്ളവരായിട്ടല്ല, മറിച്ച്, സ്നേഹത്തിൽ സത്യം സംസാരിക്കുന്നവരും, ആളുകൾ മാനസാന്തരപ്പെടേണ്ടതിന്നു അവരെ പാപം ബോധ്യമാക്കുന്നവരുമാകണം. നമ്മൾ അങ്ങനെ ചെയ്യുമ്പോൾ, നാം വാസ്തവത്തിൽ നമ്മുടെ സ്വർഗീയ പിതാവിനെ പോലെയാകും.

ജേയ് ബുള്ളാർഡ്

---

കുറിപ്പുകൾ

[1]ആൻഡ്ര്യൂ ടി. ലിങ്കൺ, *എഫെഷ്യൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 42 (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1990), 326. [2]യെശ. 9:2; 60:1, 2; യോഹ. 1:4–9; 3:19–21; 8:12; 9:5; 12:35–46; 1 യോഹ. 1:5; 2:8. [3]എതെൽബെർട്ട് ഡബ്ലിയു. ബല്ലിഞ്ചർ, *ഏ ക്രിട്ടിക്കൽ ലെക്സിക്കൻ ആന്റ് കൺകോർഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ഗ്രീക്ക് ന്യൂ ടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജെൻസ് റെഫറൻസ് ലൈബ്രറി, 1975), 338. [4]സ്പിറോസ് സോദിയേറ്റ്സ്, എഡി., *ദ കംപ്ലീറ്റ് വേർഡ് സ്റ്റഡി ന്യൂ ടെസ്റ്റമെന്റ്*, 2ഡ് എഡി. (ചാറ്റനൂഗാ, ടെന്ന.: ഏഎംജി പബ്ലിഷേഷസ്, 1991), 884, 904. [5]ലിങ്കൺ, 328. [6]സോദിയേറ്റ്സ്, 906. [7]ലിങ്കൺ, 329. [8]ഇബിഡ്., 330. [9]എസ്. ഡി. എഫ്. സാൽമണ്ട്, "*ദ എപ്പിസ്റ്റിൽ ടു ദ എഫെഷ്യൻസ്,*" ഇൻ ദ എക്സ്പോസിറ്റേഴ്സ് ഗ്രീക്ക് ടെസ്റ്റമെന്റ്, എഡി. ഡബ്ലിയു. റോബർട്ട്സൺ നിക്കോൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:358. [10]ഇബിഡ്., 360.

[11]ലിങ്കൺ, 335. [12]നോക്കുക യെശ. 9:2; 10:17; 42:6, 7, 16; 47:5; 60:1–3 ദൈവത്തിന്റെ രക്ഷക്കു ന്യായവിധിക്കും പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നത്. പുതിയനിയമത്തിൽ പ്രവൃ. 26:18; കൊലൊ. 1:12, 13; 1 പത്രൊ, 2:9, 10 ദൈവത്തിന്റെ ശക്തിയും സാത്താന്റെ ശക്തിയും, ദൈവത്തിന്റെ ജനവും അല്ലാത്തവരും തമ്മിലുള്ള വ്യത്യാസം പറഞ്ഞിരിക്കുന്നു.